KSACS

**Kerala State AIDS Control Society**
Red Cross Road
Thiruvananthapuram - 695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: info@ksacs.in

24/10/2009

# പൊതുമേഖലാ സ്ഥാപനങ്ങളിലെ എച്ച്ഐവി ബോധവത്കരണം; രൂപരേഖ തയാറായി

തിരുവനന്തപുരം: എച്ച്ഐവി ബോധവത്കരണ പ്രവർത്തനങ്ങൾ മുഖ്യാധാരയിലേക്ക് കൊണ്ടുവരുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ എച്ച്ഐവി നിയന്ത്രണ പ്രവർത്തനങ്ങളുടെ അവലോകനം നടത്തി. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയും വ്യവസായ വകുപ്പും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്.

ബോധവത്കരണ പ്രവർത്തനങ്ങൾ ഊർജിതമായി നടക്കാത്ത സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ യോഗത്തിൽ ധാരണയായി. ലോക എയ്ഡ്സ് ദിനം എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും ആചരിക്കും. ഏറ്റവും നന്നായി ദിനാചരണം നടത്തുന്ന സ്ഥാപനത്തിന് സമ്മാനം നൽകും.

അടുത്ത ആറു മാസത്തെ പ്രവർത്തനങ്ങൾക്കുള്ള രൂപരേഖയും യോഗത്തിൽ തയാറാക്കി.

സ്ഥാപന മേധാവികളും യൂണിയൻ ഭാരവാഹികളും പൊതുജനങ്ങളും ഉൾപ്പെട്ട കോഓർഡിനേഷൻ കമ്മിറ്റി എല്ലാ സ്ഥാപനങ്ങളിലും രൂപീകരിക്കും. എച്ച്ഐവിയെ സംബന്ധിച്ച് ഓരോ പൊതുമേഖലാ സ്ഥാപനവും നയം രൂപികരിക്കുവാനും സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് എച്ച്ഐവി ബോധവത്കരണം കാര്യക്ഷമമായി നടത്തവാനും സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിക്കുകയും രജിസ്ട്രേഷൻ സംവിധാനം ഒരുക്കുകയും ചെയ്യുവാനും തീരുമാനിച്ചു. എച്ച്ഐവി ബാധിതരുടെ ജില്ലാതല കൂട്ടായ്മയായ പ്രത്യാശ കേന്ദ്രങ്ങളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.

കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി അഡീഷണൽ പ്രോജക്ട് ഡയറക്ടർ ഡോ. ടി.വി വേലായുധൻ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ വ്യവസായ വകുപ്പ് ജോയിന്റ് ഡയറക്ടർ രഞ്ജി പങ്കെടുത്തു.

*ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.*

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**